


മാനേജ്മെന്റിന്റെ ഉറപ്പുകൾ അക്ഷരാർത്ഥത്തിൽ സമയബന്ധിതമായി നടപ്പാക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഉറപ്പുകൾ ലംഘിക്കപ്പെട്ടാൽ ജീവനക്കാർക്ക് നീതി ഉറപ്പാക്കുന്നതിന് കൂടുതൽ ശക്തവും പ്രത്യക്ഷവുമായ സമരപരിപാടികൾക്ക് സംഘടന നേതൃത്വം നൽകുമെന്ന് മാനേജ്മെന്റിന് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.

സഖാക്കളെ,

പൊതുമേഖലകളെ സ്വകാര്യമുതലാളിമാർക്ക് തൂക്കി വിൽക്കുന്ന കോൺഗ്രസ്സ് – ബി.ജെ.പി രാഷ്ട്രീയ നയത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ എൽ.ഡി.എഫ് സർക്കാർ പൊതുമേഖലാ സംരക്ഷണത്തിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ സ്വപ്നപദ്ധതിയായ "KIIFB- NRI Chitty'– കെ.എസ്.എഫ്.ഇ യുടെ ജന്മദിനത്തിൽ ആരംഭിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ ഇന്റർനാഷണൽ ലോഞ്ചിംഗ് അന്നേ ദിവസം ദുബായിയിൽ വച്ച് നടക്കുകയാണ്. ശിൽപശാലയും ജീവനക്കാരുടെ വിപുല യോഗങ്ങളും പ്രവാസി ബന്ധുസംഗമങ്ങളും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. നമ്മുടെ സ്ഥാപനത്തിന്റെ വികസനപദ്ധതി സാക്ഷാത്ക്കരിക്കാൻ നമുക്ക് ഒരേ മനസായി അണിനിരക്കാം.... ഐക്യത്തോടെ മുന്നേറാം...

അഭിവാദനങ്ങളോടെ.....

തൃശ്ശൂർ
28.09.2017

എസ്.മുരളീകൃഷ്ണപിള്ള
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ
(സി.ഐ.ടി.യു)



# കെ.എസ്.എഫ്.ഇ യിലെ
# സമരചരിത്രത്തിലെ ഉജ്ജ്വലമായ
# തൊഴിലാളി മുന്നേറ്റം !

# ഹെഡ് ഓഫീസ്
# ധർണ്ണ

2017 സെപ്തംബർ 20











സഖാക്കളെ,

കെ.എസ്.എഫ്.ഇ യിലെ സമരചരിത്രത്തിലെ ഉജ്ജ്വലമായ തൊഴിലാളി മുന്നേറ്റത്തിനാണ് 20 – 09 – 2017 ന് കെ.എസ്.എഫ്.ഇ യുടെ ആസ്ഥാനമന്ദിരം സാക്ഷ്യം വഹിച്ചത്. 400 ഓളം വനിതാ സഖാക്കൾ ഉൾപ്പെടെ ആയിരത്തിലധികം ജീവനക്കാർ ആവേശത്തോടെയാണ് ധർണയിൽ പങ്കെടുത്തത്. സ്റ്റാഫ് അസോസിയേഷൻ ഏറ്റെടുത്ത സകലതല സ്പർശിയായ വിഷയങ്ങളും ആവശ്യങ്ങളുടെ ജനകീയതയുമാണ് സംഘടനയുടെ പ്രതീക്ഷക്കുപരിയായ പങ്കാളിത്തത്തിന് കാരണമായത്. നമ്മുടെ സംഘടനയുടെ ഐക്യവും സമരശേഷിയും അച്ചടക്കവും പ്രതിഫലിക്കുന്നതായിരുന്നു ധർണാസമരം. നമ്മുടെ സ്ഥാപനത്തിലെ സ്ത്രീ സഖാക്കളുടെ ഉയർന്ന നേതൃത്വഗുണത്തിന്റെയും സംഘാടകശേഷിയുടെയും വിളംബരം കൂടിയായിരുന്നു ധർണാസമരം. സംഘടന മാനേജ്മെന്റിന് നൽകിയ ഉശിരൻ താക്കീതായിരുന്നു പ്രസ്തുത സമരം. സമരത്തിൽ പങ്കെടുത്ത സഖാക്കളെ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

എച്ച്.ഒ. ധർണ സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറിയും സംഘടനയുടെ സംസ്ഥാന പ്രസിഡന്റുമായ സ: എളമരം കരിം ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറിയും കെ.എസ്.എഫ്.ഇ ഗോൾഡ് അപ്രൈസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റുമായ സ:എം.എം.വർഗീസ്, സി.ഐ.ടി.യു തൃശ്ശൂർ ജില്ലാ സെക്രട്ടറി സ:യു.പി.ജോസഫ്, സംഘടനയുടെ ജനറൽ സെക്രട്ടറി സ:എസ്.മുരളീകൃഷ്ണപിള്ള, ബി.ഇ.എഫ്.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് സ: ടി.നരേന്ദ്രൻ, കെ.എസ്.എഫ്.ഇ ഏജന്റ്സ് അസോസിയേഷൻ നേതാവ് സ: സുനിൽകുമാർ ഇ.കെ, സംസ്ഥാന വനിതാ സബ് കമ്മിറ്റി ചെയർപേഴ്സൺ സ: ശ്രീനിമോൾ. ടി.എം. എന്നിവർ അഭിവാദ്യം ചെയ്തു. സ:പി.ദേവദാസ് അധ്യക്ഷത വഹിച്ചു. സ: രാധാകൃഷ്ണൻ.ടി.സി സ്വാഗതവും സ: വിജയകുമാർ. ബി.എസ് കൃതജ്ഞതയും രേഖപ്പെടുത്തി.

2014 – 15 വർഷത്തിലെ ബോണസ് കുടിശ്ശിക വിതരണം ചെയ്യണമെന്നത് ഒരു സുപ്രധാന ആവശ്യമായിരുന്നു. ബോണസ് ആക്ട് ഭേദഗതിയനുസരിച്ച് 20,000 രൂപ വരെ ശമ്പളമുള്ള 1057 ജീവനക്കാർക്ക് പ്രതിമാസം 1400 രൂപ നിരക്കിൽ പരമാവധി 16,800 രൂപ വരെ ബോണസ് നൽകണമായിരുന്നു. എന്നാൽ അന്നത്തെ യു.ഡി.എഫ് സർക്കാരും മാനേജ്മെന്റും ഈ ആനുകൂല്യം കെ.എസ്.എഫ്.ഇ യിലെ അടിസ്ഥാന വിഭാഗം തൊഴിലാളികൾക്ക് നിഷേധിച്ചു. ബോണസ് ആക്ടിലെ പഴയ മാനദണ്ഡമനുസരിച്ച് 10,000 രൂപ വരെ ശമ്പളമുള്ളവർക്ക് പ്രതിമാസം 700 രൂപ നിരക്കിൽ പരമാവധി 8400/– രൂപ മാത്രമേ ബോണസ് നൽകിയുള്ളൂ. അതുകൊണ്ട് 335 പേർക്ക് മാത്രമാണ് ബോണസ് ലഭിച്ചത്. ആകെ ബോണസായി വിതരണം ചെയ്തത് 10 ലക്ഷം രൂപാ മാത്രവും !

2014 – 15 കാലഘട്ടത്തിലെ കുടിശ്ശിക ബോണസ് വിതരണം ചെയ്യണമെന്നത് ഒരു പ്രധാന ആവശ്യമായി ഉയർത്തിയതും പ്രക്ഷോഭരംഗത്തേക്ക് വന്നതും കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ മാത്രമാണ്. നമ്മുടെ സംഘടന പ്രത്യക്ഷ സമരം ശക്തമാക്കിയതോടുകൂടി നയം തിരുത്താൻ മാനേജ്മെന്റ് സന്നദ്ധമായി. തൊഴിലാളികളുടെ ആനുകൂല്യം നൽകണമെന്ന നിർദ്ദേശം എൽ.ഡി.എഫ്. സർക്കാർ മാനേജ്മെന്റിന് നൽകി. അങ്ങനെ 2014 – 15 ലെ ബോണസ് കുടിശ്ശികയായ 82 ലക്ഷം രൂപ 1057 ജീവനക്കാർക്ക് വിതരണം ചെയ്തു. കേരളത്തിൽ ഈ ആനുകൂല്യം വിതരണം ചെയ്ത ആദ്യ പൊതുമേഖലാ സ്ഥാപനമാവുകയാണ് കെ.എസ്.എഫ്.ഇ. കഴിഞ്ഞ യു.ഡി.എഫ് കാലത്തെ തൊഴിലാളി നയം തിരുത്തി, അടിസ്ഥാന വിഭാഗം തൊഴിലാളികളുടെ ന്യായമായ ആനുകൂല്യം വിതരണം ചെയ്ത എൽ.ഡി.എഫ് സർക്കാരിനെയും മാനേജ്മെന്റിനെയും ഞങ്ങൾ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുന്നു.

2014 സെപ്തംബറിനുശേഷം സർവ്വീസിൽ പ്രവേശിച്ച 15000 രൂപയിൽ കൂടുതൽ ശമ്പളമുള്ള ജീവനക്കാരെ കേന്ദ്രത്തിലെ ബി.ജെ.പി സർക്കാർ EPS '95 ൽ നിന്നും ഒഴിവാക്കിയിരുന്നു. നമ്മുടെ സ്ഥാപനത്തിൽ ഈ തീരുമാനത്തിന്റെ ഇരകളായി 2000 ഓളം ജീവനക്കാർ പണിയെടുക്കുന്നു. ഇവരുടെ പെൻഷൻ പ്രശ്നം ചർച്ച ചെയ്ത് പരിഗണിക്കണമെന്ന ആവശ്യത്തോട് നിഷേധ സമീപനമാണ് കഴിഞ്ഞ യു.ഡി.എഫ് മാനേജ്മെന്റ് സ്വീകരിച്ചത്. മാത്രമല്ല ഈ വിഭാഗം ജീവനക്കാരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും യു.ഡി.എഫ്. മാനേജ്മെന്റ് ഏകപക്ഷീയമായി ഒഴിവാക്കുകയും ചെയ്തു. സർക്കാർ മാറിയിട്ടും 'അനങ്ങാപ്പാറനയം' തുടരുകയാണ് മാനേജ്മെന്റ് ചെയ്തത്. നമ്മുടെ പ്രക്ഷോഭത്തെ തുടർന്ന് ഒക്ടോബറിൽ ഈ രണ്ടുവിഷയങ്ങളും ചർച്ച ചെയ്ത് പരിഹരിക്കുമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. സീനിയോറിറ്റി മാനദണ്ഡമായെടുത്തു എ.ജി.എം തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകാമെന്നും അറിയിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാർക്ക് യാതൊരുകാരണവശാലും പുനർനിയമനം നൽകില്ല. സ്ഥാപനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള പുനഃസംഘടനയാണ് ലക്ഷ്യമിടുന്നത്. പുനഃസംഘടനയുടെ പേരിൽ അനാവശ്യമായി ഉന്നതതസ്തികകൾ സൃഷ്ടിക്കുകയില്ല. അസിസ്റ്റന്റ്, അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുകയില്ല. മാത്രമല്ല നമ്മുടെ പ്രക്ഷോഭത്തെത്തുടർന്ന് അസിസ്റ്റന്റ് തസ്തികയിലെ 253 ഒഴിവുകൾ പി.എസ്.സിയ്ക്ക് ഇതിനകം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റാഫ് നോംസ് പരിഷ്ക്കരണത്തിന് ഏജൻസിയെ ഉടൻതന്നെ നിശ്ചയിക്കും. ഏജൻസിയുടെ പഠനനിർദ്ദേശം സംഘടനകളുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കി നടപ്പിലാക്കും. HRMS സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഏജൻസിയെ ഉടൻ നിശ്ചയിക്കും. 2012 മുതൽ അസി:ചിട്ടി രജിസ്ട്രാറുടെ പേരിൽ കെ.എസ്.എഫ്.ഇ നിക്ഷേപിച്ചിരിക്കുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപവും ആയതിന്റെ 31.03.2017 വരെയുള്ള പലിശയും കെ.എസ്.എഫ്.ഇ യ്ക്കുറപ്പു വരുത്തുന്നതിന് വിശദമായ കത്ത് മാനേജ്മെന്റ് സർക്കാരിന് നൽകും. വർക്ക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വൈകാതെ തന്നെ സ്ഥലംമാറ്റ ഉത്തരവുകൾ പ്രസിദ്ധീകരിക്കും. 1/14 എന്ന ഉത്തരവ് കെ.എസ്.എഫ്.ഇ യ്ക്ക് ബാധകമല്ലായെന്ന അറിയിപ്പാണ് സർക്കാരിൽ നിന്ന് ലഭിച്ചത്. എങ്കിലും സംഘടനകളുമായി ചർച്ച ചെയ്ത് പ്രസ്തുത ഉത്തരവ് കെ.എസ്.എഫ്.ഇയിൽ നടപ്പാക്കുന്നതിന് പരിശ്രമിക്കും.







